വേലായുധപ്പണിക്കരുടെ

# ജനനം ജീവിതം മരണം



ഒരു കവിതാ സമാഹാരം

© pvpanicker.com

# സമർപ്പണം

ജീവിതം തന്നെ ഒരു അറിവിന്റെ അറിയലെന്ന തിരിച്ചറിയലിലൂടെ-ജനനത്തെയും,മരണത്തെയും കൂട്ടിയോജിപ്പിച്ചുള്ള ഒരു പരിക്രമണമാണ് സൃഷ്ടി, സ്ഥിതി, സംഹാരം..

എനിക്കു പിൻപും,മുൻപും, ജനിച്ചു-ജീവിച്ചു-മരിക്കാൻ വിധിച്ചിട്ടുള്ളവർക്കായി ഈ സമാഹാരം സമർപ്പിച്ചു കൊള്ളുന്നു.

© pvpanicker.com

## ജനനം – ജീവിതം – മരണം

(കേരള കവിത 2003)

## ഒന്ന്– ജനനം

താമരപ്പൊയ്ക
ചെളിക്കുണ്ട് വേറെ.,
ഒന്നായ രണ്ടിന്റെ പാഴ ഃ
സ്ഥാവരമായതും, ജംഗമമായതും
സമ്മിശ്രമാക്കിയ ഭാഗപത്രം.
ഒൻപതാം പട്ടിക
നേരേവാ,
നേരേപോ.,
കുണ്ടിലും, ചേറിലും
ജീവനാംശം.
ജീവനോപായമാം
നെല്ല്, പണം, കാശ്
പോക്കിലും, വരവിലും
പൂർണ്ണാവശേഷിതം.,
സുകൃതമഴകിന്റെ
മിനുമിനച്ചേറിന്റെ
സ്നേഹദാനോദകം
പരമൈശ്വരം....
പുതുവെള്ളമൊഴുകിക്കഴുകിയ
കുണ്ടിന്റെ വെള്ളത്തലപ്പിലും
കൂമ്പുയർന്നു.,
പൂന്തോട്ട ശയ്യയിൽ പൂവിടും
ചെത്തിയും, റോസയും,മന്ദാര
നന്ദിയാർവട്ടവും
അല്ലല്ല.,
ഇരവി ഹൃദ് ബീജവും
ചേറിന്റെ ശക്തിയും
പേർത്തുവിരിയിച്ച സൂനം.
പങ്കത്തിൽനിന്നും പ്രസൂതികം ക്ലേശിതം
സാമഗാനപ്രിയം, തനിമസ്വരൂപം
ആറ്റുനോറ്റുണ്ടായ ആഴുവൻതാവഴി
ഇങ്ങേത്തലയ്ക്കലെ പേറൊഴിച്ചു ഃ
നിത്യമറപ്പുര വാതിൽ പ്രതിസാക്ഷി
ജപനാമവരേണ്യമാം പൊയ്ക.
പൊയ്കയിൽ പൂത്ത വസന്തമിതളുകൾ
കാറ്റിന്റെ താളത്തിലൂയലാടി.,
വിൽക്കുവാനാളില്ലൊരിതൾപോലുമിപ്പൊയ്ക
വാങ്ങുവാനാളില്ലൊരാളും.

© pvpanicker.com

## രണ്ട്–ജീവിതം

ആട്ടിയോടിച്ചൊരു പട്ടി,
വാലുചുരുട്ടിയ പട്ടി;
പിന്നോട്ടുനോക്കാതെയോട്ടം
വീണ്ടുമടിച്ചേടമെത്തുന്ന പട്ടി !
പട്ടിയിൽ രാജന്റെ രാജൻ
ഒരൽസേഷ്യനായുണ്ട് വീട്ടിൽ
ചെങ്ങാത്തമവനോടുകൂടെ
തരമാക്കുമുച്ഛിഷ്ടഭോജ്യം.,
ഉടയവൻ മാറുമ്പോൾ വീട്ടിൽ
ഇറയത്ത് ചുരുളുന്ന പട്ടി
ഒരുനാളിൽ മൂക്കുവെച്ചടിവെച്ച്
മെല്ലെ മണിയറയ്ക്കുള്ളിലുമെത്തി.
പുത്രകളത്രമുറക്കമെഴുനേറ്റു
മുന്നിലെക്കാഴ്ച്ചയൊരുതോറ്റം
ചാവേറിപ്പട്ടിക്കു മുന്നിൽ
ചാവാലിയാമൊരു പാമ്പ് !

പട്ടിയിൽ രാജനായൽസേഷ്യൻവാഴുന്നു
ഉടയവനാട്ടുന്ന,
വാലുചുരുട്ടുന്ന.,
ചാവാലി പോക്കണം കെട്ടുതന്നെ..

© pvpanicker.com

## മൂന്ന്–മരണം

സഞ്ചാരം ബഹുവിധം
അലോപ്പതി, ആയുർവേദം
യുനാനി, ഹോമിയോപ്പതി
കൈവഴികൾ ബഹുകേമം.

എല്ലാമൊരേവിധം
ചീട്ടാക്കിയോതി
സുനിശ്ചിതം മരണമെന്ന–
വധിക്കു ബഹുവിധി ഃ

തമ്മിൽ ഭേദമലോപ്പതി
നിശ്ചയിച്ചാറുമാസം
ചികിത്സ കീമോയായാലി–
രട്ടി തരമാക്കാം.

എന്തിനും പോന്നവൻ
പണ്ടം വിറ്റിറങ്ങിയോൻ,
വാഹനമിടിച്ചിട്ടു
നടുറോഡിൽ പരാപര.

പരാപരാ പരമ പാഹിമാം
പരാതിയില്ലേതുമറിഞ്ഞുകൊള്ളണേ....

© pvpanicker.com

# അറിവിന്നറിയൽ

(ഗ്രന്ഥാലോകം ജൂലൈ2003)

മിടിപ്പിന്നാദിമൂലംമൂകം
അകക്കാമ്പിൽ ശബ്ദസ്ഫോടനം.
സംക്രമം ക്രമാനുഗമനം
അനുവേലമനുസരണം.
ജനിമരണങ്ങൾക്കിടയിൽ
അറിവിന്നറിയലെന്നുചൊൽ,
പുനരാവർത്തനമഥനത്തിൽ
കലുഷിതം മറുത്തുചൊല്ലൽ.
ക്ഷതമേറ്റിട്ടുമോർമ്മകൾ
വായ്മൊഴി വരമൊഴിയാക്കി,
ആർക്കാനും വേണ്ടിയോക്കാനം
കാലിക സമസ്യപൂരണം.
അമ്മയോടൊത്തുള്ളറിവും
അഛന്നുള്ളറിയലും.,
അറിവല്ലറിയലിൻപൊക്കിൾ
കൊടിബന്ധം, ക്ളോണിങ്ങിലും...
നൂറ്റൊന്നു മാംസപിണ്ഡങ്ങൾ
അറിയലിൻ ഇങ്കുബേറ്ററിൽ,
ത്രസിപ്പൂ കുടുംബതേർവാഴ്ച്ച
സ്വാഹാ, സ്വയംകൃതാനർത്ഥം.
മനക്കണ്ണിൽതെളിയും സ്വത്വം
കർണ്ണത്തിലോതിക്കലായി,
പുനർജ്ജനിപുത്തൻരക്ഷയുണർവിൻ
വസ്ത്രംതേടി...
ജാതിക്കോമരത്തിൻമീതേ
ജാതരായവരൊന്നുപോൽ.,
കാലംകണ്ണികളായിട്ട്
അമ്മയിൽ പുനരാഗമനം.
പ്രകാശവേഗംഭേദ്യം
പ്രാണവൈഖരിയുരുക്കലിൽ.,
സന്ധിയ്ക്കുമിടമഹോരാത്രം
ഭൂതഭവ്യത്തിലെവിടെയോ..
അർദ്ധപ്രസരണകാലത്തിൽ
അണുവിന്നൂർജ്ജ്യമാഗ്നേയം..
ശക്തിവേറിട്ട ശാസ്ത്രത്തി–
ന്നറിയലിലോ...? മാനവീയത.

© pvpanicker.com

എണ്ണിയാലൊടുങ്ങാത്തത്ര
ഋതുക്കൾകൈക്കിലയാക്കി
പ്രൊട്ടോണിൻ പുരുഷസൂക്തം
എണ്ണുന്നൊരിലക്ട്രോണുകൾ.
ഒന്നോർക്കിലനുപൂരകം
ജ്യോതിരാദിത്യഹൃദയവും
സംക്രമം ക്രമാനുഗമനം
ചാക്രികദിഷ്ടസന്തരണം.
അറിവിൻ പുനർജ്ജനിയായി–
ട്ടോതുന്ന പൂർണ്ണമിദം
അറിയലാംപുരുഷ–പ്രകൃതി
പൂർണ്ണമേവാവശിഷ്യതെ......

© pvpanicker.com

# കളിവീട്

(കേരളകവിത 2005)

സുഖദുഃഖസമ്മിശ്രമൊരുവീട്
കളിവീട്.,
ചുറ്റുമിടതൂർന്ന
ചില്ലകളിരുൾവീഴ്ത്തു–
മിടനാഴി.,
മാറാലകുത്തിയ
കോലായിലച്ചിയും,
അച്ചിക്കു ചേർന്നൊരു കോന്തനും
ഒരുമിച്ചൊരേടത്ത്.....

പുതുമോടിയൊരുകോടി
മറുതുണിക്കുള്ളിലെ
രതിനിദ്രയുണരുമ്പൊളിരുളിലെ
ദുഃഖത്തിൽ,
കാറ്റുംവെളിച്ചവുമേറിത്തഴുകുവതാരുടെ
കൈവിരുത്...?
വാസ്തുവെ വരകളിലാവാഹനം
പെരുംതച്ചന്റെ
വിദ്യയോ... ? കളിവീട്.

ദുഃഖത്തിനെ കളിവാക്കിലൊതുക്കി
നെല്ലുംപതിരുമായെണ്ണിപ്പകുത്തിട്ട്.,
സുഖവൃത്തിയെവിടെവെച്ചെങ്ങനെ
നേർവര,
ഭിത്തിയിൽ തീർക്കുന്ന
കർണ്ണസൂത്രത്തിലും.,
ആരാന്റെപൂച്ചക്ക്
മണികെട്ടി നിരതിശയ
സുഖമേകുമെലികളെ
പോറ്റുന്നവീടേത്...?
കളിവീട്.
ജനി–മരണ നടുവിലൊരറിയലാം
ജീവിതം
ഭാവനാഗമ്യത്തിനപ്പുറമൊരുമായ
മിന്നുകെട്ടിപ്പൊറുതി
ബദ്ധരാഗദ്വേഷമേറ്റി–
യിടത്തൂടെ.,

© pvpanicker.com

വാസ്തുവെലിയിലെ
പുത്തരിയൂണിന്റെ
ലഹരിയിലുന്മാദ
രതിമൂർച്ഛയിൽ
തീർത്ത നാലാംലോകം.
അതിലഴിയുന്നു,
മറുവാക്കിൽ തറുതല
പേച്ചുന്നൊരച്ചിയും,
അച്ചിക്കുചേർന്നൊരു
കോന്തനും.,
വാഴുന്നവീടേത്...?
കളിവീട്.

വേറിട്ടകാഴ്ചയിൽ
പുതുലോകവാഴ്ച്ചയിൽ
മേൽവിലാസംതേടിയഞ്ചലോടും
വഴിമാറിയിടവഴി
കുറുവഴിചോദിച്ചിടതും,
വലതുംതിരിഞ്ഞെത്തുന്ന
വീടേത്...? കളിവീട്.

എന്നുമീവീടിന്നുടമയില്ലെങ്കിലും,
സർവ്വർക്കുമാധാര
കാരണോർവാഴുന്ന
വീഥിവിട്ടെവിടെയോ
സുഖ–ദുഃഖമൈഹിക
പോക്കുവരവാകെയും
പേരേടിൽകുടികൂട്ടുമസ്ഥിപ്പുരയത്രേ
കളിവീട്...

© pvpanicker.com

## . രണ്ടു കവിതകൾ
(കേരളകവിത 2008)
### ഒന്ന്–മലയാഴി

ചേരനും,
ചിലപ്പതികാരത്തിനും,
പെരുമാളിനുമൊക്കെമുൻപെ.,
ഒരുതാഴ് വാരമുണ്ടായിരുന്നു.
അതിനെ തഴുകുവാനാഴിയും,
മലയും,നദികളും
പച്ചപ്പിട്ടുപുതച്ച
മലയോരത്തിന് പേരായി
മലയാഴീ....
ഭാഷയ്ക്കതിരുകൾ
വെഞ്ചാമരം വീയുന്ന
ദേശത്തിലൊരുമലയൻ,
പെരുമലയൻ.,
കാവലായെപ്പൊഴും
കൈക്കരുത്തുണ്ടതിന്
കൂട്ടായ്മക്കരുത്തും
മനക്കരുത്തും...
ആദിത്യതീഷ്ണതവെള്ളി–
ത്തളികയിൽ
തട്ടിയൊഴുകും നിലാവോ
മനസ്സിലൊളിവത്,
അതോ.,
ക്ഷാത്രവീര്യത്തോടസഹ്യനാം
സഹ്യന്റെരോഷവും
കൈക്കരുത്തിനുകൂട്ടായെറിഞ്ഞ
മഴുവിലൊഴിഞ്ഞയാഴിയും.,
ഇടയിലെ മണ്ണും,വിണ്ണും
രുധിരത്തിൻ രുചിയേറ്റി
വളർന്നമതവും,
മദഹങ്കാരവും
കൂട്ടിയുറഞ്ഞമനസ്സോ
മനക്കരുത്തോ.....?
ഈമണ്ണിൽതെയ്യങ്ങളുറയുന്നു
മാമാങ്കത്തിൻകഥകളഴിയുന്നു,
തലവെട്ടിയുറയുന്ന കാളിയൂട്ടും,
പൂരക്കളീം മറുത്തുചൊല്ലലും.,
പാതാളവും സ്വർഗ്ഗമാക്കും
ബലിയെ വരവേറ്റി
മലയജമനസ്സുകളിലോണമൂട്ടുന്ന
മലയാഴീ......

© pvpanicker.com

പഴംപുരാണംവെച്ചു
പുലമ്പാനാർക്കുചേതം
പുതുതായെന്തെങ്കിലും
പാങ്ങുണ്ടോ...? കൈയ്യിൽ.
അദ്വൈതം,നാലാംലോക–
മഞ്ചാംപത്തിയിലുള്ള
അവഗാഹമടിപൊളി.
പർജ്ജന്യമന്നമയം
തന്മയമാക്കുമത്.
കമിതാക്കൾക്കുള്ളാർജ്ജവമിതിനില്ല.
പൊളിച്ചെഴുത്തിലുംവേണം
കൈക്കരുത്തതിന് കൂട്ടായി
ജനമനസ്സും,
ഓർക്കുക! ക്ഷാത്രരക്തത്തിൽ
മുക്കിമഴുവീണിടംവരേക്കും
മലയാഴീ...
മലയും കടലിനുമിടയിൽ
ചെറുദൂരം താഴ് വാരം
അണിഞ്ഞൊരുങ്ങിയമണ്ണ്
വൈദേശികാകർഷണം.
ലോകമേതറവാട്
നമുക്കീപുല്ലുംവേണ്ട,
വറ്റിവരണ്ടൊരുനദിയുംവേണ്ട.,
പെണ്ണിന്റെ കണ്ണീർകണ്ടാ–
ലാഴിക്കു കലിയേറും.
സഹ്യനും പന്തിരണ്ടാങ്ങളകുലവും
മുടിഞ്ഞുപോം.
എല്ലാമുടഞ്ഞാൽപിന്നെ
രണ്ടാമൂഴവും പാർത്ത്
വറ്റിയനദികളൊക്കെ–
യാഴിക്കു ദാനമാക്കാം.
തടയണവെള്ളത്തിന്
മുറവിളികൂട്ടുംശാസ്ത്ര
മനക്കരുത്തിനു കൂട്ടായു–
ണ്ടൊരുപുതുമലയൻ,
അവന്നുകൂട്ടായി
മലയാഴിയിൻ മനസ്സിന്റെ
കരയും കടലുംചേർന്നാൽ
കരകാണാക്കടലായി.
എത്രനാളത്തെതീർപ്പിൽ
കടൽമാറിക്കരയായി,
അത്രനാളവധിയിൽ
കരമാറിക്കടലാവും.

© pvpanicker.com

## രണ്ട്– കാറ്റ്

കാറ്റേ! കാറ്റേ! കൂടെവിടെ
കൂട്ടിനകത്തിളം കാറ്റുണ്ടോ
വീശിയടിക്കാനിടമില്ലേ
കൂടിനകത്തെകാറ്റല്ലേ.

ഇലകളിൽമർമ്മരമോതുന്നു
കായ്കൾ പൊഴിയ്ക്കുംകുന്നായ്മ
കാറ്റിൽതെളിയും വൈദ്യുതിയും
വീശിയടിച്ചാൽ തീതുപ്പും.

കിഴക്കൻകാറ്റിനു മണമുണ്ട്
കടലിൻകാറ്റിൽപെയ്ത്തുണ്ടേ
വടക്കൻകാറ്റിൽ ദ്രവ്യമുണ്ട്
തെക്കൻകാറ്റിൽവിരഹമുണ്ടേ.

കാറ്റേ! കാറ്റേ! നീയെവിടെ
കൂടിനകത്തെ തഴുകലിലോ
ഉലകംചുറ്റിത്തണ്ടുകളിൽ
കയറിയിറങ്ങുംസംഗീതം.

കാറ്റിനുചിത്തഭ്രമമുണ്ട്
കാറ്റിൽചിത്തസ്മൃതിയുണ്ടേ
കാറിനെമാറ്റികോളിളകാൻ
കാറ്റിനുചീർക്കാനിടമുണ്ടേ

ഹൃദയമിടിപ്പിൻതാളത്തിൽ
കയറിയിറങ്ങും കാറ്റുണ്ടേ
വയറിലൊളിക്കും കാറ്റുണ്ട്
ഉള്ളിന്നുള്ളിലെ കാറ്റല്ലേ

കാറ്റേ! കാറ്റേ! പോകല്ലേ
എന്നെക്കൂടെകൂട്ടാമോ
ഉയിരുന്നുയിരാം കാറ്റല്ലേ
അയ്യോ കാറ്റേ പറ്റിച്ചോ !!!

© pvpanicker.com

# മതിലുകൾ

നാടായനാടൊക്കെ
ചുറ്റിയടിക്കുന്ന
കാറ്റേ! നീകണ്ടോമതിലുകളെ.
കൊണ്ടാലും,കൊടുത്താലു–
മേശാത്തകാറ്റിന്
ഊരുവിലക്കേകും
ചട്ടങ്ങൾ.
കാണികളൊക്കെയും
ബന്ധിതരമ്പല
പൂരപ്പറമ്പിലെ
മതിലിനുള്ളിൽ.,
നീണ്ടുനിവർന്ന
വയലേലകുളിർകാറ്റിൽ
സ്നേഹത്തിടമ്പിടും
കൊയ്ത്തുപാട്ട്.,
വേലയ്ക്കൊരുമയായീ–
ണമായതിഥിക്കു
വിള്ളലിൻപുതുഭാഷ്യമൊന്നുമാത്രം.
ചാടാനറിയാത്ത
കാറ്റിനുതടയായി
മതിലുകൾക്കുള്ളിലെ
അയൽപക്കങ്ങൾ.,
മാതാപിതാക്കൾക്ക്
കണ്ണിലെ കരടായി
മക്കൾക്കിടയിലെ
മതിലിന്നൂറ്റം.
എല്ലാറ്റിനുംവേണം
മതിലുകളോരോന്ന്.,
കാട്ടിലും,വീട്ടിലും
മാത്രമല്ല.,
കടലോരറിസോർട്ടിലും
കായലോരത്തും
നാലുചുറ്റുംപൊങ്ങും
കാരാഗ്രഹം..

© pvpanicker.com

വെള്ളക്കുഴികളിൽ
തീർക്കുംമതിലുകൾ
വെള്ളപൂശി പൊങ്ങി
മാനംമുട്ടെ.,
വീശുന്നകാറ്റിന്റെ
മാറ്റൊലിയങ്ങേതോ
മതിലിൽപതിയുന്നലർച്ചയായി.
പിന്നത്നേർത്തുനേർത്ത–
തിരുകളിട്ടിട്ട്
മതിലുകളിടയിലായെത്രയുണ്ട്.
യാത്രികളവസാനയിടമായിട്ടെത്തുന്ന
ചുടുകാട്ടിലായാലും
ബന്ധനസ്ഥർ.
വാർദ്ധക്യകാലത്തടുത്തൂൺ
തുകപറ്റി,
പുതുനിലയുയർത്തുന്നു
മാനംമുട്ടെ.,
ഓരോന്നുയരുമ്പോൾ
സ്വാതന്ത്ര്യപ്പുലരിയിൽ
ചങ്ങലയോരോന്നണിഞ്ഞിടുന്നു.

© pvpanicker.com

# സുനാമിത്തീരം

(സൈമൂം മാസികയിൽ പ്രസിദ്ധപ്പെടുത്തിയത്)

പാർമാതിനെ
കട്ടുകൊണ്ടെങ്ങുപോയി,
ദൂരെസുനാമിതൻ
തീരത്തോ...?
ഉടലോടെയുക്തിതന്നാകാശമാർഗ്ഗേണ
കടലുംകടന്നാര്
കൊണ്ടുപോയി.
കമ്പനമേശാതശോകവനിയിലെ
പുൽക്കൊടിനുള്ളിയിട്ടുള്ളിൽ
പ്രതിധ്വനി...
നെറികെട്ടനസ്യൂത–
മെത്രപരമ്പരയേറ്റിയതെറ്റിന്
തിരകളാർത്തു.
തിരയൊന്ന്,
തിരരണ്ട്.,
മുപ്പത്തുമുക്കോടിയലകളില–
ടിയുന്ന ജീവച്ഛവം.
ശാസ്ത്രത്തിൻസന്തതി
വൈറസ്സായെവിടെയോ
യന്ത്രത്തിനെല്ലാം
പിഴവുപറ്റി.
പിന്നോട്ടൊഴിഞ്ഞു
മലക്കംമറിഞ്ഞബ്ധി
കാണാമടിത്തട്ടിൻ
ചുടലദേശം.
പിന്നെത്തിമിരമായാർത്തു
കോപിച്ചുള്ള
*മൈനാകമെന്നസുനാമിച്ചാറ്റ്.
ബന്ധിപ്പതിന്നാര്
കാരണമായിട്ട്
വില്ലും കുലച്ചുന്നമായുന്ന
ഞാണൊലി, തീരംനടുക്കുന്നു.,
ലക്ഷ്യംതൊടാതെമടക്കയാത്രയ്ക്കില്ല
അസ്ത്രത്തൊടാദേശമാവനാഴി.
സംഹാരമാമയ–
മാഭീരമണ്ഡലം
ഭസ്മീകരിക്കുന്ന
ക്രോധാഗ്നിയിൽ,

© pvpanicker.com

കരയേത്,
കടലേത്.,
ഒന്നുംതിരിയാതെ
കരയുന്നമക്കളെ
തിരയുന്നമ്മ.
കെട്ടാനെളുതാതഴിച്ച
മുടിയുമായ്,പാർമാതിൻ
ദുഃഖമിന്നാരറിവൂ.,

ഊറ്റിക്കുടിച്ചിട്ടുമൂറ്റം
മുടിയാതെ
യുക്തിപ്രയോഗത്തിനീറ്റില്ലം.
ഒരുതെറ്റിലിരുതെറ്റ്
മാറ്റിക്കുറിച്ചൻപിൻ
ചാരുതചാലിച്ചശാന്തിമന്ത്രം
ഉയരട്ടെ.,സാന്ത്വനം
മുലകൾചുരക്കട്ടെ,
മക്കളെ നെഞ്ചോടണച്ചിടട്ടെ!

*ഇന്ദ്രൻ പർവ്വതങ്ങളുടെ ചിറകരിഞ്ഞപ്പോൾഹിമവൽപുത്രനായ
മൈനാകം കടലിലൊളിച്ചകഥ

© pvpanicker.com

## എന്റെദേശം, എന്റെദേഹം, എന്റെദേഹി
## ഒന്ന്– എന്റെ ദേശം

ഞാനുമെൻവീടുമിന്നപരിചിത ഭാവമാം
ദേശത്തനിമ തിരഞ്ഞലഞ്ഞു.
പണ്ടെങ്ങോകോറിത്തിരിച്ചയതിരുകൾ
*കായലിനലുകിട്ടയാറിൻഗതി.
കൂറ്റനാംമുതലയെകാവലിനായമ്മ
**കാലിൽതളച്ചിട്ടയാറിൻമുഖം.
കോരിയെറിയുന്നവെള്ളംനയമ്പിന്റെ
താളത്തിൽവള്ളപ്പാടെത്രതാണ്ടി.
എത്രമനുഷ്യപ്രയത്നത്തിൻവായ്ത്താരി
വൈഖരിയാക്കിയപണിയാളുവോർ
കുത്തിപ്പടുത്തചെളിവയൽമകരത്തിൻ
കുളിരിൽപുതച്ചിട്ടപൊലിയോപൊലി.!
താളവട്ടപ്പറ കല്ലൂർക്കാടനിൽ
കോൽവടിശ്രുതയിട്ടളവിന്നൊലികൾ
ഒന്നായി,രണ്ടായി പാറിപ്പറന്നേറി
***അലകിന്റെയോലക്കീറവരോഹണം
മാടിവിളിക്കുന്നുകായലോരങ്ങളിൽ
തിനതീനിപ്പറവ വിരുന്നിനെത്തി.
കഥപറയച്ചിതൻപതിരില്ലാപ്പുട്ടിലിൽ
ഉരിയരിപെറ്റ പഴംപുരാണം.
ആഴക്കുമൂഴക്കുംചോരാതെവാഴുവോർ
മേനിപൊലിപ്പിക്കും വയലേലകൾ
ഒന്നോർക്കിലന്നത്തെ ഗ്രാമവും ഗ്രാമ്യവും
ഒറ്റച്ചരടിലെ പൊത്തൊരുത്തം
എന്നുമൊരുപ്പൂവിൻ തേനിലെമാധുര്യ–
മെല്ലാരുമൊന്നായ് നുണഞ്ഞകാലം.

വാഗ്ദത്തഭൂവിലെവികസനപ്പെരുമയിൽ
പദ്ധതിപൂവിട്ടിരുപ്പൂവായി.
മലവെള്ളമൊഴുകിച്ചുവപ്പിച്ച വയലേല
തടയണകെട്ടിയാസൂത്രണങ്ങൾ.
പൂക്കൈതയാറ്റിലെപോളയൊഴിഞ്ഞീല
കരയിലെവഞ്ചിയൊരുനോക്കുകുത്തി.
ഗ്രാമത്തിൻസൗഹൃദംവട്ടിപ്പണക്കാർക്കു
പോളയിലൊഴുകുന്നൊരവധിക്കാലം,
ആഗോളമാണിന്നുഗ്രാമപ്പുതുവലിൽ
നാടോടികളായെത്തും ലാടന്മാരും.

© pvpanicker.com

ചെളിവെള്ളമാതിഥ്യമേകിയ ചെമ്മണ്ണിൽ
പുതുനഗരമാലിന്യമടിഞ്ഞുകൂടി.
ഇവിടിപ്പോൾശേഷിച്ചോരെഴുതട്ടെസ്മരണിക
ഗതകാലവൈഭവ ദേശഭാഷ്യം....

* ആറിന്റെ ഗതിമാറ്റി കുത്തിയെടുത്ത ആറ്റുമുട്ടുകായൽ

** പള്ളിയറക്കാവ്ദേവിയെപ്പറ്റിയുള്ളഒരുനാട്ടുസങ്കല്പം

***നൂറുപറയളക്കുമ്പോൾഒരലക് ഓലക്കീറൊടിക്കുന്നപതിവ്

© pvpanicker.com

## രണ്ട്– എന്റെ ദേഹം

ബോധിവൃക്ഷത്തണൽ
മോഹവിനാശനം
ജനിമരണങ്ങൾതന്നാഹുതി
സംജ്ഞകൾ,
ബാഹ്യമായവഭാസ
മൈഥുനംഭയനിദ്ര
ആഹാരതൃഷ്ണകൾ
സ്ഥൂലമാക്കും.
മൃത്യുവിൻമോചയ
മർമ്മരമന്ത്രങ്ങൾ
സൂക്ഷ്മമായോതുന്ന
പ്രത്യാദേശം.
*മതിയെന്നൊരിക്കലു–
മോതുകില്ലെങ്കിലും
മതിയുടെനൂലിഴബന്ധമേന്തും.
വെള്ളത്തിൻമീതെ
ജ്വലിക്കുന്നസൂര്യനെ
കല്ലെറിഞ്ഞാഴ്ത്തുന്ന
പ്രേയമാർഗ്ഗം.
ലക്ഷ്യത്തെമാർഗ്ഗമായ്
മാറ്റുന്നവർക്കെല്ലാം
ലക്ഷ്യസാധൂകരമഭിനിവേശം.
എലികളെത്താതൊ–
രിടമില്ലെലിപ്പേടി
ഇല്ലംചുടാനുള്ള തിട്ടൂരമോ..
വേണ്ടാത്തതൊക്കെയും
ദാനാർത്ഥമാക്കുന്ന
പ്രേയസഞ്ചാരത്തിന്നപഥമാർഗ്ഗം.
അച്ഛസ്ഫടികമാം
ഹൃത്തിൽനവംനവ
അരയാലറിവിന്റെ ശ്രേയമാർഗ്ഗം.
കണ്ണാടിയിൽപ്രതിദ്വന്ദി–
യുൾക്കാഴ്ചയാം,
ദർപ്പമടക്കുന്നൊരറിയലായി...
കർമ്മബന്ധങ്ങള–
ശകളായേറ്റുന്ന
എന്നുള്ളിലുള്ളിലെ
സ്പന്ദനങ്ങൾ.,
സുസ്വരമോതി സ്വരിക്കുന്ന
സംജ്ഞകൾ ഞാൻതന്നെ
നീയെന്നറിഞ്ഞിടുന്നേൻ.....

* കായൽകുത്തുമതിയാക്കിയകായൽ

© pvpanicker.com

## മൂന്ന്– എന്റെ ദേഹി

ശാരികപൈതലിൻ
കൊഞ്ചുംമൊഴികളിൽ
തേനമൃതമൂറുന്ന
വായ്ത്താരികൾ.,
താളത്തിൽ,മേളത്തിൽ
ചേരുംപടിചേർത്ത്
കാലപ്രമാണത്തിൻ
പാണികൊട്ട്....
ഇടവേളനാലെന്നറിയുന്ന
കാലുകൾ,
എൺനാലിൻമാത്രയിൽ
മുത്തായ്പ്.,
അഷ്ടദിക്പാലകർ
പ്രീണിക്കുമാഹുതി
വെലിവട്ടത്തൂവലിലാദിതാളം.
മൃദുദോർല്ലതയാകു–
മകതാരിൽസോപാന
തുയിലുണർത്തീടു ന്നൊരാരോഹണം.
എന്നെത്തിരയുന്ന
ഞാൻതന്നെമറ്റൊന്നും
കണ്ടീല കേട്ടീലയവതാളം.
ചുറ്റുവിളക്കിലെരിയും
കരിന്തിരി,
ആടിത്തിമിർക്കുന്നതാളപ്പിഴ.
പാണിപിഴച്ചിട്ടു കോണികയറുന്ന
നശുവലിൻദുര്യോഗ
കേമദ്രുമം.
തോറ്റക്കലിയേറി
നിണമേറിയമ്മാനമാടുന്ന
കോമരവെളിപാട്.
ചുറ്റമ്പലക്കോണിൽ
വാസ്തുവിന്നറിയലാം
അരയാലിൻകൊമ്പിലെ
വെളിവിന്നൊളി.

© pvpanicker.com

താളപ്പിഴമാറ്റി
അവരോഹണമാക്കും
മര്യാദയാംപുറവെലിവട്ടം.
ഉള്ളിലെവെലിവട്ടമേറ്റുന്ന
ശക്തിയും,
ബീജാക്ഷരപ്രാണ
പ്രണയിതാവും,
യോഗാനുയുക്തമായ്
പഞ്ചമം പാടുന്ന
ശാരികപൈതലിൻ
വായ്ത്താരികൾ.
തീയതെല്ലാമൂതി
ദോഷമകറ്റുന്ന,പരയിൽ
പുലരുന്ന പാണിയൂട്ട്.,
വൈകിക്കയില്ല
സമയമായാചാരം
വിശ്രമിക്കാനിനി
നേരമായോ ?
മുത്താഴവൈഖരി
കൃത്യമായൂട്ടുന്ന
അത്താഴപ്പാണിയിൽ
മുത്തായ്പ്.....

© pvpanicker.com

# അയനം

അയനത്തിലോരോരോ
പടികളായാറുണ്ട്,
പടിയാറും കയറുവോരാരുണ്ട്.
കഥകളിൽകേൾക്കാം,
ചിലർക്കതിന്നാകാം
മൂരണ്ടുമൊന്നായാൽ
യോഗമാക്കാം.
ബാലകാണ്ഡത്തിലെ
പ്രഥിവിമൂലാധാരം
വളരുമ്പോൾസാകേത
സരയൂതീരം
ശക്തിക്കുമുൻപി ന്നും
സാന്ത്വനമേകുന്ന
ആരണ്യകത്തിലെ
സ്വാധിഷ്ഠാനം.
പിന്നെ, വിരഹത്തിൻ
തീച്ചൂടിലരണിയിൽ
മണിപൂരംകടയുന്ന
കിഷ്കിന്ധയും.,
ചാഞ്ചാടിയുലയുന്ന
വാരിധിചിറകെട്ടി
ആറാംപടിയേറി–
യൊത്തുചേരൽ.
ആരുടെമേധയിൽ
വിരിയുന്നതാമരയി–
തളുകളനവധിയതിലൊന്ന്.,
കാത്തിരിപ്പിൻ ദൈന്യ
മൂർത്തിമദ്ഭാവമായി–
ണതേടിയൂർമ്മിളയേകയായി.
അറിയൂന്നേനോർമ്മയി–
ലാമരമീമരം
ഇടയിലെസങ്കല്പ
വാത്മീകത്തിൽ,
പറയാൻമറന്നോരു
കഥയിലെക്കഥയായി
ഇണപിരിഞ്ഞേകയാം
ക്രൗഞ്ചപ്പക്ഷി

© pvpanicker.com

ഏതോവിദൂരമാം
സരയുവിൻതീരത്ത്
കൂരമ്പിൻമുനയേറ്റ
മൂകസാക്ഷി.
എവിടെനീയൂർമ്മിളേ!
ഓർമ്മയിൽകരടായി
അനന്തമായ്കാതോർ–
ത്തനന്തനായി...

ദക്ഷിണകാണ്ഡത്തി–
ലിണചേർന്നൊരുമിച്ച്
ബിസതന്തുകോർത്തോർത്തു
മടക്കയാത്ര.,
നേത്രാഭിരാമം
വിഹായസാവീക്ഷണം
സ്മൃതിതൊട്ടുണർത്തു–
ന്നൊരാരണ്യകം.
തീരില്ല, ദുഃഖങ്ങളൊന്നല്ല
വെവ്വേറെ.,
കാണ്ഡങ്ങളാറു–
മിറങ്ങിടുമ്പോൾ,
എവിടെയാണൂർമ്മിള
ത്രേതായുഗത്തിലെ
നിത്യവിഷാദമായെങ്ങുമില്ല...

മക്കളെ വരവേൽക്കു–
മമ്മതൻജഠരത്തിൽ
ഇനിയൊന്നുറങ്ങട്ടെ
ശാന്തമായി.,
വീണ്ടുംജനിയേകി–
യുണരുകി ലൊന്നിക്കാം
ദ്വാപരസന്ധ്യയാം
വൃന്ദാവനത്തിൽ.,
കണ്ണന്റെകാർകൂന്തൽ
കോതിയൊതുക്കണം
മുല്ലപ്പൂചുറ്റേണമതിമോഹം
ഗോപികമാരായനേകമു–
ണ്ടൊന്നതിൽ രാധയ്ക്കു
സഖിയായിക്രീഡയാടാം....

© pvpanicker.com

# കൃത്യമകൃത്യമപകൃത്യം

പഴുക്കമുറ്റിയോ, അതോ
അകാലമായിട്ടോ.,
അറിയില്ലറിയാത്ത
മൊഴിമാറ്റമിന്നലെ
മര്യാദരാമനായ്
വേഷമഴിയാതെയിന്നിന്റെ
അഴകിയരാവണവേഷ–
ത്തിലടവുകൾ,
വ്യംഗങ്ങൾ;
ണത്വം കെടുത്തി
മുഷിഞ്ഞവിഴുപ്പേറും
നാട്യപ്പകർച്ചയോ....?
*കൃത്യമകൃത്യമപകൃത്യം.

മടക്കയാത്രയോ,അതോ
യാത്രമുടക്കിയോ.,
അറിയില്ലറിയാത്ത
തീക്കുണ്ടിലുരുകി-
സ്സദാചാരമെരിയുന്ന
മണ്ണിലേക്കൊരുപിടിച്ചാരം.
ഫീനിക്സുപക്ഷിയെ
നിഷ്പ്രഭമാക്കുമൊരപരമാം
യാത്രയിലിന്ധനമാക്കുന്ന
ളത്വമോ....
ഗരളമോ.....?
കൃത്യമകൃത്യമപകൃത്യം.

മാനവീയമോ, അതോ
മാനഹീനമോ
അറിയില്ലറിയാത്ത
ദിശതെറ്റിയലയുന്ന
വായാടിപേക്കൂത്തി–
ലൊളിയുന്ന പരതന്ത്ര
ബൗദ്ധികശൈലിയിൽ;
കാലാവബോധമായി–
ടകളിൽ ക്ലിഷ്ടമാം
ശേഷക്രിയാപാഠ്യ–
മോതിപ്പഠിക്കുന്ന
പാഠമോ... പാഠ്യമോ..?
കൃത്യമകൃത്യമപകൃത്യം.

© pvpanicker.com

ആരിവരെന്നതോ
ഏതിനും പോന്നോരോ
അറിയില്ലറിയാത്ത
ഒരുവേലയ്ക്കിരുവേല
ചുവടുവെച്ചടിമാറ്റി–
യഴകെഴും മെയ്യിനു
ദുരയാംതന്നിഷ്ടവും,
ചുറ്റിനുംപൊയ്ക്കാലിൽ
വേലമുടക്കിയും
പാഴ് വേല കണ്ടുള്ളിൽ
സ്തോകമോ....
സ്തോമമോ......?
കൃത്യമകൃത്യമപകൃത്യം.

ooo ooo ooo

ഇനിയുംമുളയ്ക്കാത്ത
വിത്തിലൊളിയുന്ന
വീര്യത്തിലാരിനിയെന്തുചെയ്യും.
അറിവിന്റെമുളപൊട്ടി–
യറിയലായെറിയട്ടെ
കൃതകൃത്യമുടയട്ടെബിംബങ്ങൾ
ചിതറട്ടെയോങ്ങുന്നകൈകളിലെങ്കിലും
പുരളാതിരിക്കട്ടെയപകൃത്യം.

*"കൃത്യമകൃത്യമപകൃത്യ" എന്നിവ നിത്യവും ഭീഷ്മരും, ദ്രോണരുംചൊല്ലണം

© pvpanicker.com

# അൽഷിമേഴ്സിന്റെ ചാരം

ഓർക്കാപ്പുറത്തോർമ്മ
നിഴലാട്ടമെങ്കിലും
ഓർക്കേണ്ടതേതെന്നറിയാതായി.
ബുദ്ധിഹൃദയത്തിൻ
ഭാഷപഠിച്ചിട്ട്
സ്വത്വമേതെന്നരുളന്വർത്ഥമാക്കി.
വാർദ്ധക്യമേറെ
നരച്ചുതുടങ്ങുന്നു
വഴികളേറെപ്പിന്നി–
ലോർമ്മകളുത്സവം,
കുളിർതെന്നലും
പൂവസന്തം വിടർത്തുന്ന
ഋതുഭേദമുത്രാടരാവിലൂടെ.,
വഴികടന്നാതിരതുടികുളി–
ച്ചൊരുപുത്തൻ
വിഷുവെവരവേൽക്കൂവാ–
നാവതുണ്ടോ...?
ദേശത്തിനീണങ്ങൾ
ദേഹത്തിൻഭാഷയിൽ
ചൊൽക്കാഴ്ച്ചദേഹി–
യിലോരോന്നൊഴിയുന്നു.
കെല്പ്പില്ല.,കണ്ണുകൾ
വെള്ളപൂശിച്ചിമ്മി
ഉൾക്കണ്ണിലുള്ളതും
മാഞ്ഞിടുന്നു.
ഓർമ്മയിലാദ്യെഴുത്തോതും
കളരിയിൽ
അക്ഷരപ്പിച്ചതൻബാല്യകാലം.
പിന്നെക്കലപില
മറുകണ്ടംചാടലും
കൗമാരമോഹത്തിൽ
യൗവ്വനമൂതിപ്പെരുപ്പിച്ച
ഭാരവും;
കുക്ഷിയിൽജീവിത
യാഥാർത്ഥ്യവുംപേറി
നെട്ടോട്ടമോടുന്നൊരപരാഹ്നം !

© pvpanicker.com

ചാരനിറമാർന്ന
മസ്തിഷ്കകോശങ്ങ–
ളോരോന്നലക്കി
വെളുക്കുമ്പോഴും,
ഓർമ്മതൻമാറാപ്പിലാദ്യ–
മൊഴിയുന്നതിന്നലെ
കണ്ടകിനാക്കളത്രേ !
ഓർമ്മയിൽകരിപൂശി
മറവിയിലിന്നൊന്നുമാത്രമായ്
തെളിയുന്ന ബാല്യകാലം.
ബാല്യംമറന്നാലതുമൊരു
രോഗമായുടലോടെ
തിമിരത്തിലാണ്ടുപോകാം.
അവിടില്ല.,ജംഗമ
ദേഹബന്ധാദികളച്ചാര
കർമ്മങ്ങളേതുമില്ല.

ഒരുപിടിച്ചാരത്തിൽ
ഒരുപിറവിതിരിനീട്ടി
ജനിതമായാജന്മ കോശങ്ങളിൽ
ചാരനിറംചാർത്തി
ഓർമ്മകളൊരുപക്ഷെ
പുനർജ്ജനിച്ചെപ്പിലൊളിച്ചിരിക്കാം.

© pvpanicker.com

## ആമത്താലി

(1968–ൽ സമന്വയം എന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തിയ
കവിത ഓർമ്മയിൽ നിന്ന്)

രാമച്ചാരുടെമകടെ കഴുത്തേൽ
ആമത്താലിമലത്തിക്കെട്ടി,
അഴിയാംപൊട്ടാംവീണ്ടുംകെട്ടാം
അറിവില്ലാത്തൊരുദേഹിയുമല്ലേ !
പൊന്നുംപണ്ടവുമെല്ലാംകൊണ്ടൊരു
കുന്നിൻചെരുവിൽവീടുണ്ടാക്കി.,
കാടിന്നറ്റംവെട്ടിനിരത്തി
വീടിനുചുറ്റുംപച്ചപിടിച്ചു.
പങ്കിനുമക്കൾ മക്കടെമക്കൾ
വേണെന്നാകിൽസർവ്വാണികളും.,
കാട്ടിൽപോകാം,വീട്ടിൽപോകാം
ക്രൂരമൃഗങ്ങൾ,സൗമ്യമൃഗങ്ങൾ...
രാമച്ചാരുടെമകടെകഴുത്തേൽ
ആമത്താലിയഴിഞ്ഞുതുടങ്ങി
അഴിയാംപൊട്ടാംവീണ്ടുംകെട്ടാം
അറിവില്ലാത്തൊരുദേഹിയുമല്ലേ ഃ

പാതയ്ക്കരികിലെകല്ലുകളോരോ–
ന്നുരുട്ടിക്കേറ്റാം താഴെയുരുട്ടാം
കണ്ടുരസിക്കാനവനവനൂണ്ടേൽ
ആർത്തുചിരിക്കാംവീണ്ടുമുരുട്ടാം
ജനിമരണങ്ങൾക്കിടയിലവശ്യം
ജീവിതമാക്കാംചർവ്വിതചർവ്വണം...

© pvpanicker.com

# പാഠം

പാഠമൊന്നിൽനിന്ന്
രണ്ടിലേക്കുള്ളദൂരമൊരുവർഷം.,
പാഠഭേദമായൊന്നുമില്ല.
എന്തിനിയേകാനുണ്ട്
പരിശീലനക്കളരിയിൽ
കേൾപ്പോരുംകേൾവിയുമില്ലാത്ത
സാന്നിസ്യംമാത്രം
എന്നിലുമുണ്ട് കുന്നായ്മ
നിന്നിലുമുണ്ടെപ്പൊഴുമെല്ലാപേരിലു–
മുണ്ടവശ്യ ഘടകമായി.
പാഠങ്ങൾപഠിക്കുന്നു
വ്യാഖ്യാനമെഴുതുന്നു,
പാതിരാച്ചൂടിൽപോലുമാലക്തിക
സ്പർശ്ശമേകി.
ഗർവ്വിന്റെശ്രദ്ധയിലന്യമാംഭാവമേറ്റി
കണ്ണാടികാട്ടുംകാഴ്ചയുള്ളിന്റെ
മറുപുറം.
നീയുംഞാനുമൊരേനാണയത്തുട്ടി–
നിരുവശമായിത്തീരുന്നു
പഴിചാരാൻ,
പഴികേക്കാനിരുമെയ്യാകാൻ.
അതിനൊരാക്കം കൂടാൻ
മക്കളുംമരുമക്കളായി,
പരന്നുകിടക്കുന്നയൽ
കൂട്ടമൊന്നൊഴിയാതെ.
നിറഞ്ഞസദസ്സാണിത്
വാക്കേറ്റം തൻപോരിമ
നിരത്തിക്കൂട്ടാനൂറ്റം
പൊള്ളുന്ന വാക്ചാതുരി.
പാണ്ഡിത്യമീമാംസകളോ–
രോന്നായഴിയുന്നു.,
വാദങ്ങൾനിരത്തുന്നു
വേദങ്ങളാരായുന്നു,
ഷേക്സ്പിയർ,വ്യാസൻ
ഹുസൈനെല്ലാരും
ദേവതുല്യർ!
ദൈവങ്ങൾക്കെന്ത് രൂപം
കിർലിയൻഭാഷയ്ക്കൊപ്പം
സങ്കല്പചാരുതയേറ്റി
രൂപങ്ങൾമെനയുന്നു.

© pvpanicker.com

ഓർക്കുന്നു ടാജിനെയിന്ന്
തച്ചന്മാരെവിടെപ്പോയ്
നാമകാരന്മാരെത്തന്നെ
രൂപകാരന്മാരാക്കാം.

ചക്കെന്നുപഠിക്കുമ്പോൾ
കൊക്കെന്നറിയോരെല്ലാം
പാഠങ്ങൾപഠിക്കുന്നു
ക്ളൂവിലേക്കുന്നംവെച്ച്,
എല്ലാംകഴിഞ്ഞാലോ,പിന്നെ
യാന്ത്രികവലയിലേറാം
കൂട്ടാനുംകിഴിക്കാനുമൊന്നു–
മറിയേണ്ടതില്ല.
സമഗ്രമറിവിൻസാക്ഷി
പ്രപഞ്ചവലയത്തിലല്ലോ
അറിയലോടൊത്തുകൂടി
പാഠങ്ങൾപഠിക്കുന്നു

മാന്ത്രികച്ചെപ്പിലെവിദ്യ–
യോരോന്നായഴിയുമ്പോൾ
പാഠമേ! നിനക്കു സ്തുതിയെപ്പൊഴും
സ്തുതിയാകട്ടെ...

© pvpanicker.com

## തിനതിന

(2009–ലെവെള്ളപ്പൊക്കദുരിതത്തിൽ കാവാലത്തെകുരുന്നു
കൂട്ടത്തിന് പാടാൻ എഴുതിയത്)

തിനതിനതിത്തിന
തിനയെവിടെ,
പൊലിപൊലിപൂപ്പൊലി
പൊലിയെവിടെ
തിനതിനതിത്തിന
പൊലിപൊലിപൂപ്പൊലി
തിനയെവിടെ
പൊലിയെവിടെ.
നിറപറപൊലിപൊലി
മഴവെള്ളത്തിൽ
കാടീലുരിയരിയില്ലാതായ് (തിനതിന)

ഇല്ലായ്മ
വല്ലായ്മ
മുളപൊട്ടാക്കതിരും
ചെളിയിലുറങ്ങുന്ന
പൊന്നിൻമണിയും...ഇല്ലായ്മ
തിനതിനതിത്തിനതിനയെന്നളക്കും
പൊലിപൊലിനിറപൊലിപത്തയമെന്നുകൂടും..(തിനതിന)

ഒരുനാളെ
പുലർനാളെ
ഋതുഭേദമൊരുമയായ്
താളത്തിൽമേളത്തിൽ
താപ്പിനുംതീർപ്പിനും
മംഗലമേറ്റാനാടാംപാടാം കുരുന്നൂട്ടം..
കുഞ്ഞിക്കുരുന്നൂട്ടം. .(തിനതിന)

© pvpanicker.com

# വസുമതിയുംകോൺടലീസറൈസും

അന്നദാതാവാരെന്നോതുന്ന
വസുമതി
നീ തന്നെയോ..? മുന്നിൽക്കാണും
കോൺടലീസറൈസും.
ബുദ്ധിയുണ്ടതിനർത്ഥ–
മനർത്ഥമുണ്ടാക്കലല്ല
അർദ്ധമേകാനുമല്ല.,
കൊടുക്കാനൂറ്റമില്ലാ–
ത്തോർക്കെടുക്കാനാവതില്ല.,
ഏച്ചുകെട്ടിയാലത്
കയ്യൂക്കിലേക്കോകളി ?
ഇവിടുത്തെവസുമതി
ടെക്സാസിലെത്തുമ്പോൾ
ബുദ്ധിക്കുനിരക്കാത്താ–
ടിൻതോലണിഞ്ഞചെന്നായ
ബുദ്ധിക്കും ബോധത്തിനു–
മിടയ്ക്കുവെളിവായി
വസുമതീ! നിന്റെപേരോ
കോൺടലീസറൈസെന്ന്.

© pvpanicker.com